43165/DB2/12/LSGD

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7423 — 17/7/2012-ൽ മറുപടിയ്ക്ക്

## പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.കെ.ശിവദാസൻ നായർ : | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. - ചെങ്ങള ബസ് സ്റ്റാന്റ്, കണ്ണൂർ ബസ് സ്റ്റാന്റ് കോംപ്ലക്സ്, വടകര മാർക്കറ്റ് കോംപ്ലക്സ്, പെരിന്തൽമണ്ണ ഫിഷ് മാർക്കറ്റ്, നോർത്ത് പറവൂർ കമ്മ്യൂണിറ്റി ഹാൾ, കോഴിക്കോട് ചേരി പുനരുദ്ധാരണ-വെജിറ്റബിൾ മാർക്കറ്റ്, തലയോലപ്പറമ്പ് ബസ് സ്റ്റാന്റ്, കൽപ്പറ്റ ബസ് സ്റ്റാന്റ്, കുന്നംകുളം ഫിഷ് മാർക്കറ്റ്, കോഴിക്കോട് പാർക്കിംഗ് പ്ലാസ എന്നീ നിർമ്മാണ പ്രവൃത്തികളും തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ എന്നീ നഗരങ്ങളിൽ ഖരമാലിന്യ പ്ലാന്റും പി.പി.പി വ്യവസ്ഥയിൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ തളിക്കുളം, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ 35% വരെ ഗ്രാന്റ് നൽകുന്ന 'പുര' പദ്ധതിയും പി.പി.പി വ്യവസ്ഥയിൽ നടപ്പാക്കുന്നുണ്ട്. |
| (ബി) പദ്ധതികൾ തയ്യാറാക്കുന്നതിന് ഏത് അംഗീകൃത ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത് ; | (ബി) ഇതിന് ഐ.സി ഐ.സി.ഐ-കിൻഫ്ര, ഇൻകെൽ (INKEL) എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് അനുമതി വാങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | ഉണ്ട്. 13/10/04-ലെ സ.ഉ (എം.എസ്) നം.298/04/തസ്വഭവ, 24/12/11-ലെ സ.ഉ (എം.എസ്) 321/11/തസ്വഭവ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**